(സി) ഇതുവരെ മെഷീനുകൾ ഒന്നും വാങ്ങിയിട്ടില്ല. വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 1,00,000 രൂപ.

(ഇ) സ്റ്റോർ പർച്ചേസ് റൂളിന് വിധേയമായിട്ടാണ് മെഷീൻ വാങ്ങേണ്ടത്. 6.3.99-ലെ സ.ഉ.(സാ) നം.821/99/തഭവ പ്രകാരം ധനകാര്യ റിസോഴ്സസ് സെക്രട്ടറി ചെയർമാനായുള്ള മൂന്നംഗ ടെക്നിക്കൽ കമ്മിറ്റിയും വകുപ്പു സെക്രട്ടറിയുടെ നേതൃത്വത്തിൽ ഡിപ്പാർട്ടുമെന്റൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ. നടപടികൾ പൂർത്തിയായാലുടൻതന്നെ മെഷീനുകൾ വിതരണം ചെയ്യുന്നതാണ്.

67 (1818) സ്വാതന്ത്ര്യത്തിന്റെ ജൂബിലിയോടനുബന്ധിച്ച് സ്കൂളുകൾക്ക് കെട്ടിടം

ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ ജൂബിലിയോടനുബന്ധിച്ച് സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കാനുള്ള ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) അത് പ്രാവർത്തികമാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു;

(സി) ജില്ലാ പഞ്ചായത്തുകളിൽനിന്നും ലിസ്റ്റ് ഇതിനകം കിട്ടിയിരുന്നോ;

(ഡി) ഈ പദ്ധതിക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും എത്ര തുക ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) തദ്ദേശഭരണ വകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ബി)-(ഡി) ഉദിക്കുന്നില്ല.

68 (1819) കേരള സംസ്ഥാന ഗ്രാമവികസന ബോർഡിന്റെ പുനഃസംഘടന

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗ്രാമ വികസന ബോർഡ് ഒരു ധനകാര്യ സ്ഥാപനമാക്കി മാറ്റി പുനഃസംഘടിപ്പിക്കുന്ന നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇതു നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പുനഃസംഘടനാ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് പൂർത്തിയാകും എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly